പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3444

22.08.2017 ൽ
മറുപടിയ്ക്ക്

## നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന കുടുംബകോടതി

**ചോദ്യം**

ശ്രീ. കെ.ആൻസലൻ

(എ) നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന കുടുംബകോടതിയിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു എന്ന് വ്യക്തമാക്കാമോ;

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും 30 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് നെയ്യാറ്റിൻകരയിൽ കുടുംബകോടതി അനുവദിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ 29.09.2015 ൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു. ഇക്കാര്യം ധനകാര്യ വകുപ്പുമായി കൂടിയാലോചിക്കുകയും കുടുംബകോടതിക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. നെയ്യാറ്റിൻകര പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ പഴയ ഓഫീസ് കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നും ഈ കെട്ടിടം കോടതി പ്രവർത്തിക്കുവാൻ അനുയോജ്യമാണെന്നും കൂടാതെ ഇതിനോട് ചേർന്നു കിടക്കുന്ന വനിതാ പോലീസിന്റെ സെൽ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുകയും ഈ കെട്ടിടം ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിരുന്നു. തിരുവനന്തപുരം റൂറൽ എ.ആർ ക്യാമ്പിന്റെ രണ്ട് സേനാവിഭാഗം ഇപ്പോൾ നെയ്യാറ്റിൻകര പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ പഴയ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ കെട്ടിടം കുടുംബകോടതിക്കായി വിട്ടു നല്കുവാൻ സാധിക്കുകയില്ലെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് നല്കി. ഇക്കാര്യം ഹൈക്കോടതി രജിസ്ട്രാറെ അറിയിക്കുകയും മറ്റൊരു കെട്ടിടം കണ്ടെത്തി നല്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കുടുംബ കോടതിയ്ക്കായി പഴയ പോലീസ് സ്റ്റേഷൻ നിലനിന്നിരുന്ന സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർക്ക് നൽകിയ കത്തിന്റെ മറുപടി ലഭിച്ചിട്ടുണ്ടോ ; | (സി) | ജില്ലാ കളക്ടർക്ക് സർക്കാരിൽ നിന്നും കത്ത് നല്കിയിട്ടില്ല. |
| (ഡി) | നെയ്യാറ്റിൻകര കുടുംബ കോടതി 2017 ൽ ആരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ധനകാര്യവകുപ്പ് ആവശ്യപ്പെട്ട സ്ഥലം, കെട്ടിടം, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അക്കാര്യം ആ വകുപ്പിനെ അറിയിക്കുകയും, കുടുംബകോടതി അനുവദിക്കുന്നതിന് അനുമതി നല്കുകയും വേണം. |

സെക്ഷൻ ഓഫീസർ